
05 ജൂൺ 2026
വാല്യം. 36
ലക്കം. 10

മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla
on 05-06-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

ക്രൈസ്തവ വിശ്വാസത്തിൽ വെള്ളം ചേർക്കരുത്: മുന്നറിയിപ്പുമായി പാപ്പ



വത്തിക്കാൻ സിറ്റി: ക്രൈസ്തവ വിശ്വാസത്തെ കൂടുതൽ ആകർഷകമാക്കാൻ വിശ്വാസം നിഷ്കർഷിക്കുന്ന കാര്യങ്ങളിലോ അതിന്റെ ഉള്ളടക്കത്തിലോ വിട്ടുവീഴ്ച ചെയ്യരുതെന്ന മുന്നറിയിപ്പുമായി ലിയോ 14ാമൻ പാപ്പ. സുവിശേഷവത്കരണത്തിനായുള്ള വത്തിക്കാൻ ഡിക്കാസ്ട്രിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഒരു ഉപവിഭാഗത്തിന്റെ വാർഷികസമ്മേളനത്തിലാണ് പാപ്പ ഇക്കാര്യം പറഞ്ഞത്. വിശ്വാസം മറ്റുള്ളവരിലേക്ക് പകരുന്നത് വിട്ടുവീഴ്ചകളിലൂടെയല്ല, മറിച്ച് ക്രിസ്തീയ ജീവിതത്തിന്റെ വിശ്വസനീയമായ സാക്ഷ്യത്തിലൂടെയാണെന്ന് പാപ്പ പറഞ്ഞു.

വത്തിക്കാനിലെ കൺസിസ്റ്ററി ഹാളിൽ നടന്ന സമ്മേളനത്തിൽ പലർക്കും ഇന്ന് വിശ്വാസം തങ്ങളുടെ ജീവിതവുമായി ബന്ധമുള്ള ഒന്നായി അനുഭവപ്പെടുന്നില്ലെന്ന് പാപ്പ ചൂണ്ടിക്കാണിച്ചു. മനുഷ്യജീവിതത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട തലമായ 'ജീവിതത്തിന്റെ അർത്ഥത്തിനായുള്ള തിരച്ചിൽ' നഷ്ടപ്പെട്ടുപോകുന്നു എന്നതാണ് ഇതിന് പിന്നിലെ വലിയ അപകടം. ഒരു വശത്ത് എല്ലാ പ്രശ്നങ്ങൾക്കും പരിഹാരമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന സാങ്കേതികതയുടെ സംസ്കാരം വളരുമ്പോഴും, മനുഷ്യന്റെ അസ്തിത്വവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ചോദ്യങ്ങൾ ഇപ്പോഴും ഉത്തരമില്ലാതെ അവശേഷിക്കുകയാണെന്ന് പാപ്പ ഓർമിപ്പിച്ചു.

ഇത്തരം സാഹചര്യങ്ങളിലും ക്രിസ്തുവുമായുള്ള കണ്ടുമുട്ടലിലൂടെ മനുഷ്യജീവിതത്തിന് അർത്ഥം കണ്ടെത്താൻ കഴിയുമെന്നും സഭയുടെ സുവിശേഷീകരണ ദൗത്യം കൂടുതൽ അടിയന്തിരമായി തുടരണമെന്നും പാപ്പ കൂട്ടിച്ചേർത്തു. മാധ്യമ അതിപ്രസരവും ഉപഭോഗസംസ്കാരവും അരങ്ങുവാഴുന്ന ഇന്നത്തെ സമൂഹത്തിൽ, സത്യാന്വേഷണത്തിനായുള്ള ക്ഷമയും വിവേചനശക്തിയും കുറഞ്ഞുവരികയാണെന്ന് മാർപാപ്പ നിരീക്ഷിച്ചു. ചിലയിടങ്ങളിൽ തലമുറകളിൽ നിന്ന് തലമുറകളിലേക്കുള്ള വിശ്വാസകൈമാറ്റം പൂർണമായും നിലച്ചു

(ശേഷം പേജ് 6)

ഐപിസി കേരളം
തെരഞ്ഞെടുപ്പ് ജൂൺ 10ന്

- കേരളത്തിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സഭ
- 3000ത്തിൽപരം പ്രാദേശിക സഭകൾ
- 3500 ൽ പരം ശുശ്രൂഷകന്മാർ
- 120 ൽ അധികം സെന്ററുകൾ



ജോൺ തോമസ് (ഇലക്ഷൻ കമ്മീഷണർ), ജോൺ മാത്യു, കെ എസ് ജോസ്, ബെന്നി കൊച്ചു വടക്കേൽ പ്രിസൈഡിങ് ഓഫീസേഴ്സ്)

കുമ്പനാട്: ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്ത് സഭയായ ഇന്ത്യൻ പെന്തെക്കോസ്ത് സഭയുടെ കേരളാ ഘടകം പുതിയ ഭാരവാഹികളെ ജൂൺ പത്തിന് തെരഞ്ഞെടുക്കും. ഐപിസിക്ക് കേരളത്തിൽ മൂവായിരത്തിൽപരം പ്രാദേശിക സഭകളും 3500ഓളം ശുശ്രൂഷകരും ഉണ്ട്. കേരളത്തിൽ എങ്ങോളമായി 120 ൽ പരം സെന്ററുകളും ഉണ്ട്. മുട്ടുമൺ ഐ സി പി എഫ് ക്യാമ്പ് സെന്ററിൽ നടക്കുന്ന പൊതുയോഗത്തിൽ വച്ച് പുതിയ ഭാരവാഹികളെ തിരഞ്ഞെടുക്കും. 9 മണിക്ക് പൊതുയോഗവും 11 മണി മുതൽ 3 മണി വരെ ഭാരവാഹികളെ തിരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പും നടക്കും.

പൊതുയോഗത്തിൽ സ്റ്റേറ്റ് പ്രസിഡന്റ് പാസ്റ്റർ കെ.സി.തോമസ് അധ്യക്ഷത വഹിക്കും. സ്റ്റേറ്റ് സെക്രട്ടറി പാസ്റ്റർ ദാനിയേൽ കൊന്നനിൽക്കുന്നതിൽ റിപ്പോർട്ടും ട്രഷറർ പി.എം.ഫിലിപ്പ് വരവു ചിലവു കണക്കും അവതരിപ്പിക്കും. അന്നു തന്നെ വോട്ടെണ്ണലും ഉണ്ടാകും. ഇലക്ഷൻ കമ്മീഷണറായി ജോൺ തോമസിനെയും റിട്ടേണിങ്ങ് ഓഫീസർമാരായ ജോൺ മാത്യു, ബെന്നി കൊച്ചു വടക്കേൽ, കെ.എസ്.ജോസ് എന്നിവരെയും നിയമിച്ചു. ഏലൂർ രജിസ്ട്രാർ അംഗീകരിച്ച് സാക്ഷ്യപ്പെടുത്തിയ 2002 ലെ ഐ.പി.സി ഭരണഘടന പ്രകാരമാകും തിരഞ്ഞെടുപ്പ് നടക്കുക.

(ശേഷം പേജ് 6)

മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക. 9961720195

തുർക്കിയിൽ ആദ്യകാല ക്രിസ്തീയ ചരിത്രം വെളിപ്പെടുത്തുന്ന കണ്ടെത്തലുമായി ഗവേഷകർ

ഇസ്താംബൂൾ: തുർക്കിയിൽ നടത്തിയ സമീപകാല പുരാവസ്തു കണ്ടെത്തലുകളിൽ ആദ്യകാല ക്രിസ്തീയ ചരിത്രം വെളിപ്പെടുത്തുന്ന ഫലങ്ങളും. ആദ്യകാല ക്രിസ്തീയ വളർച്ചയെ ആഴത്തിൽ മനസ്സിലാക്കാൻ സഹായിക്കുന്ന കണ്ടെത്തലുകളാണ് പുരാവസ്തു ഗവേഷകർ കണ്ടെത്തിയിരിക്കുന്നതെന്ന് ബ്രിട്ടീഷ് മാധ്യമമായ 'ദി ഇൻഡിപെൻഡന്റ്' റിപ്പോർട്ട് ചെയ്യുന്നു. വിശുദ്ധ ബൈബിളുമായി ബന്ധപ്പെട്ടു പരാമർശിച്ചിരിക്കുന്ന ചരിത്ര നഗരങ്ങളിൽ നിന്ന് പുരാതന ചെറു പള്ളികൾ, ക്രിസ്ത്യൻ ലിഖിതങ്ങൾ, ശവകുടീരങ്ങൾ, വിശ്വാസപരമായ വസ്തുക്കൾ എന്നിവ കണ്ടെത്തിയിട്ടുണ്ട്.



പുരാതന നഗരമായ ലാവോദിക്യയിൽ, നാലാം നൂറ്റാണ്ടിൽ ആരാധനസ്ഥലമായി വിശ്വാസികൾ ഒരുമിച്ച് കൂടിയതായി കണക്കാക്കിയിരുന്നു. ഭവന ദേവാലയവും ഗവേഷകർ കണ്ടെത്തിയതിൽ ഉൾപ്പെടുന്നു. വലിയ ദേവാലയങ്ങൾ നിർമ്മിക്കുന്നതിന് മുൻപ് ആദ്യകാല ക്രിസ്ത്യാനികൾ സ്വകാര്യ വീടുകൾ ആരാധനാലയങ്ങളായി ഉപയോഗിച്ചിരുന്നു. അവയിലൊന്നാണ് ഇത്. ഇത്തരത്തിലുള്ള ചുരുക്കം ചില ഭവന ദേവാലയങ്ങൾ മാത്രമേ ഇതുവരെ ലോകത്ത് കണ്ടെത്തിയിട്ടുള്ളൂവെന്ന് വിദഗ്ദ്ധർ പറയുന്നു. ഇതിന് അടുത്തുള്ള സാർഡിസിൽ, പുരാവസ്തു ഗവേഷകർ ആറാം നൂറ്റാണ്ടിലെ വലിയ

(ശേഷം പേജ് 6)

ഛത്തീസ്ഗഢിൽ പ്രാർത്ഥന കൂട്ടായ്മയ്ക്കു നേരെ ആക്രമണം

സുക്മ: ഛത്തീസ്ഗഢിലെ സുക്മ ജില്ലയിലെ പ്രാദേശിക ഗ്രാമത്തിൽ നടന്ന ക്രൈസ്തവ പ്രാർത്ഥന കൂട്ടായ്മയ്ക്കു നേരെ ആക്രമണം. ഗർഭിണി ഉൾപ്പെടെ ഇരുപത്തിയഞ്ചിലധികം ക്രൈസ്തവരാണ് ആക്രമണത്തിന് ഇരയായത്. മെയ് 31ന് സുക്മ ജില്ലയിലെ പാലെം ഗ്രാമപഞ്ചായത്ത് കീഴിലുള്ള സദ്രപാൽ ഗ്രാമത്തിലാണ് സംഭവം നടന്നത്. പ്രാർത്ഥനയ്ക്കായി എഴുപതോളം വിശ്വാസികൾ ഒരുമിച്ച് കൂടിയിരിന്നു. ഒരു സംഘം ആളുകൾ പ്രാർത്ഥന കൂട്ടായ്മയിലേക്ക് അതിക്രമിച്ചെത്തി അവിടെയുണ്ടായിരുന്നവരെ ആക്രമിക്കുകയായിരിന്നുവെന്ന് ദൃക്സാക്ഷികളെ ഉദ്ധരിച്ച് ഇന്ത്യയിലെ ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതിയുടെ മാധ്യമമായ 'കാത്തലിക് ക്രണക്ട്' റിപ്പോർട്ട് ചെയ്യുന്നു. മേഖലയിലെ ക്രൈസ്തവ സമൂഹത്തിന്റെ സുരക്ഷയെയും മതസ്വാതന്ത്ര്യത്തെയും പൂർണ്ണമായും ആശങ്കയിലാഴ്ത്തിയാണ് ആക്രമണം അരങ്ങേറിയത്. അഞ്ച് പേർക്ക് ഗുരുതരമായി പരിക്കേറ്റു. പരിക്കേറ്റവരിൽ ചിലരെ ടോങ്പാലിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പ്രവേശിപ്പിച്ചു. മറ്റ് ചിലരെ വിദഗ്ദ്ധ ചികിത്സാർത്ഥം സുക്മയിലെ ജില്ലാ ആശുപത്രിയിലേക്ക് മാറ്റിയിട്ടുണ്ട്. വിശ്വാസികൾ സമാധാനപരമായി പ്രാർത്ഥനയിൽ ഏർപ്പെട്ടിരുന്ന സമയത്താണ് സമൂഹത്തിനു നേരെ ആക്രമണം നടന്നതെന്നും ക്രിസ്തീയ വിശ്വാസത്തോടും ആരാധനയോടുമുള്ള വിദ്വേഷവുമാണ് ആക്രമത്തിന് പിന്നിലെ കാരണമെന്ന് വിശ്വാസികൾ വെളിപ്പെടുത്തി.

കൊച്ചുപ്പാപ്പൻ

എയിംസിന്റെ പേരിൽ എല്ലാവരും എന്നെ തേച്ചു- **സുരേഷ് ഗോപി**




പാവം തമ്പുരാൻ!

ബൈബിൾ വിവർത്തനത്തിൽ വൻ മുന്നേറ്റം: 2600 ഭാഷകളിൽ പുതിയനിയമം

ലണ്ടൻ: ആഗോള സുവിശേഷ പ്രഘോഷണ ചരിത്രത്തിൽ നാഴികക്കല്ലാകുന്ന വൻ മുന്നേറ്റവുമായി ലോക ബൈബിൾ സൊസൈറ്റികൾ.

ലോകമെമ്പാടുമുള്ള 2,600ലധികം വൈവിധ്യമാർന്ന ഭാഷകളിൽ പുതിയ നിയമ ബൈബിൾ പൂർണ്ണമായി വിവർത്തനം ചെയ്ത് ലഭ്യമാക്കിയതായി യുണൈറ്റഡ് ബൈബിൾ സൊസൈറ്റീസ് (UBS) സംയുക്ത പ്രസ്താവനയിലൂടെ അറിയിച്ചു. ചരിത്രത്തിലാദ്യമായാണ് ഇത്രയധികം പ്രാദേശിക ഭാഷകളിലേക്ക് ദൈവവചനം ഒരേസമയം എത്തിച്ചേരുന്നത്.

വിവിധ രാജ്യങ്ങളിലെ ഉൾഗ്രാമങ്ങളിലെ ഗോത്രവർഗ്ഗ ഭാഷകളും ലിപിയില്ലാത്ത ഉപഭാഷകളും ഉൾപ്പെടെയുള്ളവയെ ശാസ്ത്രീയമായി പഠനവിധേയമാക്കിയാണ് ഈ ദൌത്യം പൂർത്തിയാക്കിയത്.



ആധുനിക ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI) വിവർത്തന സോഫ്റ്റ്വെയറുകളുടെയും സഹായം ഈ പ്രക്രിയ വേഗത്തിലാക്കാൻ സഹായിച്ചുവെന്ന് ബൈബിൾ സൊസൈറ്റി ഭാരവാഹികൾ വ്യക്തമാക്കി. നിലവിൽ ലോക ജനസംഖ്യയുടെ ഭൂരിഭാഗം പേർക്കും അവരുടെ മാതൃഭാഷയിൽത്തന്നെ ദൈവവചനം വായിക്കാനും മനസ്സിലാക്കാനുമുള്ള സൗകര്യമാണ് ഇതിലൂടെ ഒരുങ്ങിയിരിക്കുന്നത്. സഭകളുടെയും വിവിധ മിഷണറി സംഘടനകളുടെയും സാമ്പത്തിക സഹകരണവും ഭാഷാവിദഗ്ദ്ധരുടെ വർഷങ്ങൾ നീണ്ട അശ്രാന്തപരിശ്രമവുമാണ് ഈ നേട്ടത്തിന് പിന്നിൽ.

പുതിയ നിയമത്തിന്റെ വിവർത്തനം പൂർത്തിയായ ഭാഷകളിൽ പഴയനിയമ പുസ്തകങ്ങളുടെ വിവർത്തന പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. വിവർത്തനം പൂർത്തിയായ ഭൂരിഭാഗം ഭാഷകളിലെയും ബൈബിളുകൾ അച്ചടി രൂപത്തിന് പുറമെ മൊബൈൽ ആപ്ലിക്കേഷനുകളായും ഓഡിയോ ബൈബിളുകളായും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. വരും തലമുറകളിലേക്ക് ക്രിസ്തുവിന്റെ സുവിശേഷം കൂടുതൽ ആഴത്തിൽ എത്തിക്കാൻ ഈ ചരിത്രനേട്ടം വഴിതുറക്കുമെന്ന് ആഗോള സഭാനേതൃത്വം പ്രത്യാശ പ്രകടിപ്പിച്ചു.

ചെയർമാൻ
ജോൺ വർഗീസ്

ചീഫ് എഡിറ്റർ
അച്ചൻകുഞ്ഞ് ഇലന്തൂർ

ഓവർസീസ് എഡിറ്റർ
ഷാജി കാരയ്ക്കൽ

ജനറൽ എഡിറ്റർ
സ്റ്റാൻലി ജോർജ്

എക്സിക്യൂട്ടീവ് എഡിറ്റർ
ദീപ്തി അന്ന അച്ചൻകുഞ്ഞ്

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
റവ. ചാക്കോ ജോർജ്ജ്

അസോസിയേറ്റ് എഡിറ്റേഴ്സ്
ഷിബു മുള്ളംകാട്ടിൽ
വർഗീസ് മാത്യു
ചാർലീസ് മാത്യു
മാത്യൂസ് പി. ജോൺ
ജോസ് ഐക്കരപ്പടി
റെഞ്ചി ജേക്കബ് ജോർജ്
ബെന്നി കൊച്ചുവടക്കേൽ

സബ് എഡിറ്റേഴ്സ്
ജെസ്സി വർഗീസ്
ജെയ് തോമസ് മാലിയിൽ
പൊന്നമ്മ സാം

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
റ്റീയെസ് കപ്പമാംമുട്ടിൽ
റെജി വർഗീസ് വെണ്ണിക്കുളം
ജസ്റ്റസ് ചന്ദ്രബോസ്
സാം മാത്യു ന്യൂയോർക്ക്

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
ജിജി ബറോഡ
ജോൺ മത്തായി അതിരുങ്കൽ
ജെയിംസ് മേമന

കോ-ഓർഡിനേറ്റേഴ്സ്
മഞ്ജു പീടിയേക്കൽ
ബെന്നി പാപ്പച്ചൻ ഒക്കലഹോമ
രാജൻ ഏബ്രഹാം
മോൻസി വളഞ്ഞവട്ടം ഡാളസ്സ്
ജോയി സാം ജേക്കബ് കാനഡ

മരുപ്പച്ച

വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
വരിസംഖ്യ അയയ്ക്കേണ്ട വിലാസം
മരുപ്പച്ച
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com

ബൈബിൾ യൂറോപ്പ്



വെളിപ്പാട് പുസ്തകത്തിലെ സഭകൾ...
വിശ്വാസപ്രമാണത്തിന്റെ നാട്ടിലൂടെ...

സഭാ പിതാക്കന്മാരുടെയും രക്തസാക്ഷികളുടെയും
സഭാ കൗൺസിലുകളുടെയും നാടുകളിലൂടെ ഒരു പഠനയാത്ര

▸▸ പത്മോസ് ▸▸ ടർക്കി
▸▸ ഗ്രീസ് ▸▸ റോം ▸▸ വത്തിക്കാൻ

- എഫെസൊസ്
- സ്മുർന്ന
- പെർഗ്ഗമൊസ്
- തുയഥൈര
- സർദ്ദിസ്
- ഫിലദെൽഫ്യ
- ലവൊദിക്ക്യാ
- ഏഥൻസ്
- കൊരിന്ത്
- ഫിലിപ്പ്യ
- തെസ്സലോനിക്യ
- ബറോവ

Beyond Patmos



12 രാത്രി 13 പകൽ



ഗൾഫ്, അമേരിക്ക, ഇംഗ്ലണ്ട്
തുടങ്ങിയ രാജ്യങ്ങളിൽ നിന്നുള്ളവർക്കും
യാത്രാ സംഘത്തിൽ ചേരാൻ
ക്രമീകരണങ്ങൾ ചെയ്യുന്നു.



2026 സെപ്റ്റംബർ 14



- വിശ്വാസപ്രമാണത്തിന്റെ നാടായ നിഖ്യാ
- യോഹന്നാനെ നാടുകടത്തിയ പത്മോസ് ദ്വീപ്
- വെളിപ്പാടു പുസ്തകത്തിലെ 7 സഭകളുടെ നാടുകൾ
- പുതിയനിയമകാലത്തെ നാടും നഗരങ്ങളും
- സുവിശേഷത്തിനു സാക്ഷ്യം വഹിച്ച നാടുകൾ

91 9961720195 | +1 9143493978
e-mail: maruppacha@gmail.com | web: www.maruppacha.com



ഷാജി മാറാനാഥാ



നൈജീരിയൻ പ്രസിഡന്റ് പാലസിലെ പെന്തെക്കോസ്ത് പാസ്റ്റർ

ആഫ്രിക്കയിലെ ഏറ്റവും ജനസംഖ്യയുള്ളതും ക്രൈസ്തവർ ഇന്ന് ഏറ്റവും അധികം പീഡിപിക്കപ്പെടുന്നതുമായ നൈജീരിയയിലെ പ്രഥമ വനിത ഒരു ഉറച്ച ക്രിസ്തു വിശ്വാസിയും അതിലുപരി ഒരു പെന്തെക്കോസ്ത് പാസ്റ്ററുമാണെന്നത്" രാജ്യത്തിന് പുറത്ത് അധികമാർക്കും അറിയുകയില്ല. രാജ്യത്തെ മുസ്ലിം പ്രസിഡന്റ് ബോല അഹമദ് ടിനുബുവിന്റെ സഹധർമ്മിണിയാണ് റിഡീംഡ് ക്രിസിത്യൻ ചർച്ച് ഓഫ് ഗോഡിന്റെ അംഗീകൃത ശുശ്രൂഷകയായ ഒലു റെമി ടിനുബു.

ക്രിസ്ത്യാനികൾക്ക് ഏറ്റവും അപകടകരമായ രാജ്യങ്ങളിൽ ഒന്നാണ് നിലവിൽ നൈജീരിയ. ഒരു ദശാബ്ദത്തിലേറെയായി തുടരുന്ന ക്രൂരമായ അക്രമങ്ങൾ അന്താരാഷ്ട്രശ്രദ്ധ പിടിച്ചുപറ്റുകയും യുഎസ് സൈനിക നടപടിക്ക് കാരണമാവുകയും ചെയ്തു. ആഫ്രിക്കയിലെ ഏറ്റവും ജനസംഖ്യയുള്ളതും ക്രൈസ്തവരുള്ളതുമായ ഈ രാജ്യത്തെ പ്രഥമ വനിത ഒരു ഉറച്ച ക്രിസ്തു വിശ്വാസിയും അതിലുപരി ഒരു പെന്തെക്കോസ്ത് പാസ്റ്ററുമാണെന്നത് രാജ്യത്തിന് പുറത്ത് അധികമാർക്കും അറിയുകയില്ല. രാജ്യത്തെ മുസ്ലിം പ്രസിഡന്റ് ബോലഅഹമദ് ടിനുബുവിന്റെ സഹധർമ്മിണിയാണ് റിഡീംഡ് ക്രിസ്ത്യൻ ചർച്ച് ഓഫ് ഗോഡിന്റെ അംഗീകൃത ശുശ്രൂഷകയായ ഒലുറെമി ടിനുബു. ബോട്ടണിയിലും സുവോളജിയിലും ഇഫൈ സർവ കലാശാലയിൽ നിന്ന് (ഇപ്പോൾ ഒബാഫെമി അവോലോ വോ സർവകലാശാല) ബിരുദാനന്തര ബിരുദം നേടിയ ഒലുറെമി ഒരു അധ്യാപികയായി തന്റെ കരിയർ ആരംഭിച്ചു. പിന്നീട് എഴുത്തുകാരിയായും, അവതാരകയായും അറിയപ്പെട്ടു. തുടർന്ന് രാഷ്ട്രീയത്തിലും ചുവട് വച്ച് സെനറ്ററായി ദേശീയ രാഷ്ട്രീയത്തിലും തിളങ്ങി. പക്ഷേ ഇന്നവർ പറയുന്നത് തന്റെ ജീവിതവും ദൗത്യവും ക്രിസ്തുവിശ്വാസത്തിൽ വേരൂന്നിയതാണെന്നാണ്. സമാധാനം നഷ്ടമായ തനിക്ക് ക്രിസ്തുവിന്റെ സന്ദേശങ്ങൾ പ്രചോദനമായതായി അവർ വ്യക്തമാക്കുന്നു. രാജ്യത്തെ യുവജനങ്ങളുടെ ഉദ്ധാരണം, വിദ്യാഭ്യാസം, സ്ത്രീകളുടെ ആരോഗ്യ സംരക്ഷണം ഇവയ്ക്ക് ഊന്നൽ നൽകി പ്രവർത്തിക്കുന്ന ഒലുറെമി തന്റെ പ്രവർത്തനങ്ങളിലൂടെ രാജ്യത്തിന്റെ 'തകർന്ന മതിലുകൾ' പുനർനിർമ്മിക്കുവാനുള്ള ശ്രമത്തിലാണ്. അമേരിക്കൻ സന്ദർശനത്തോടുള്ള ബന്ധത്തിൽ സിബിഎൻ ന്യൂസിന് നൽകിയ പ്രത്യേക അഭിമുഖത്തിൽ തന്റെ ദൈവ വിശ്വാസത്തെക്കുറിച്ചും നൈജീരിയയിൽ ക്രൈസ്തവരുടെ ജീവിതാവസ്ഥകളെക്കുറിച്ചും സംസാരിച്ചു.

രാജ്യത്ത് ക്രിസ്ത്യാനികളെ ആസൂത്രിതമായി ഉന്മൂലനം ചെയ്യുകയാണെന്ന വാദങ്ങളെ നൈജീരിയയുടെ പ്രഥമ വനിത ഒലുറെമി ടിനുബു പൂർണ്ണമായും അംഗീകരിക്കുന്നില്ല. അത് സത്യമാണെങ്കിലും ഒരു മനഃപൂർവ്വ വംശീയാക്രമണം എന്നതിനപ്പുറം അതിന് മറ്റ് ചില കാരണങ്ങൾ ഉണ്ടെന്ന് അവർ പറയുന്നു. ദീർഘകാലമായി നിലനിൽക്കുന്ന മതപരവും അല്ലാത്തതുമായ പ്രാദേശിക സംഘർഷങ്ങൾ, ദാരിദ്ര്യം, രാജ്യത്ത് വർദ്ധിച്ച് വരുന്ന ഭീകരവാദം, രാഷ്ട്രീയ അസ്ഥിരത എന്നിവയിൽ നിന്നാണ് അക്രമം ഉണ്ടാകുന്നതെന്ന് അവർ പറയുന്നു. 'പണത്തിന് വേണ്ടിയാണ് എല്ലാം. ഭീകരർ ക്രൈസ്തവരെ തട്ടിക്കണ്ട് പോവുകയും പണവും മറ്റ് വസ്തു വകകളും ലഭിക്കാതെ വരുമ്പോൾ കൊലപ്പെടുത്തുകയുമാണ്. ലോകം മുഴുവൻ ക്രിസ്ത്യൻ വംശഹത്യയെക്കുറിച്ചു പ്രചരിപ്പിക്കുമ്പോൾ, തീവ്രവാദികൾ അത് മനസിലാക്കുകയും ആരാധനാലയങ്ങൾ ആക്രമിക്കുകയുമാണ്' അവർ പറയുന്നു. മുസ്ലീം ഭൂരിപക്ഷ വടക്കൻ പ്രദേശവും ക്രിസ്ത്യാനികൾ കൂടുതലുള്ള തെക്കൻപ്രദേശവുമായി വിഭജിക്കപ്പെട്ടിരിക്കുന്ന ഒരു രാജ്യത്തിന്റെ സങ്കീർണ്ണതകളെയാണ് അവരുടെ വാക്കുകൾ പ്രതിഫലിപ്പിക്കുന്നത്. ക്രിസ്ത്യാനികൾ അനുപാതമില്ലാതെ ലക്ഷ്യം വയ്ക്കപ്പെടുന്നുവെന്ന വിമർശകരുടെ വാദത്തെ അവർ പൂർണ്ണമായി തള്ളുന്നുമില്ല. മോചനദ്രവ്യത്തിനായി അവരെ തട്ടിക്കൊണ്ടു പോകുകയും, വീടുകൾ, കൃഷിയിടങ്ങൾ, പള്ളികൾ എന്നിവ നശിപ്പിക്കുകയും ചില സന്ദർഭങ്ങളിൽ സ്ത്രീകളെയും പെൺകുട്ടികളെയും തട്ടിക്കൊണ്ടുപോയവരെ വിവാഹം കഴിക്കാൻ നിർബന്ധിക്കുകയും ചെയ്യുന്നു. ഒലു റെമി ടിനുബു പോലും ഭീഷണികൾ നേരിട്ടിട്ടുണ്ട്. ഒരിക്കൽ ഒരു മുസ്ലിം പുരോഹിതൻ തന്നെ പരസ്യമായി കല്ലെറിഞ്ഞു കൊല്ലണമെന്ന് നിർദ്ദേശിച്ചതിനെക്കുറിച്ച് അവർ പറഞ്ഞു. 'ഞാൻ ഒരു പുറജാതീയ സ്ത്രീയാണെന്നും എന്നെ കല്ലെറിഞ്ഞ് കൊല്ലണമെന്നുമായിരുന്നു ആ പുരോഹിതന്റെ വാക്കുകൾ. എന്റെ ക്രിസ്തീയ വിശ്വാസത്തെ അയാൾക്ക് അംഗീകരിക്കുക പ്രയാസമായിരുന്നു അന്ന് എനിക്കുവേണ്ടി സംസാരിച്ചവരിൽ ഭൂരിഭാഗവും വടക്കൻ പ്രദേശങ്ങളിൽ നിന്നുള്ളവരാണ് 'അവർ വിശദീകരിച്ചു.' നൈജീരിയയിൽ ക്രൈസ്തവർക്കെതിരെയുള്ള മതതീവ്രവാദി സംഘങ്ങളുടെ ആക്രമണങ്ങൾക്കെതിരെ ഭരണകൂടം ഇപ്പോൾ ജാഗ്രതയിലാണെന്നും അമേരിക്കയുമായി ചേർന്നുള്ള സൈനിക നടപടി അതിന്റെ ഭാഗമാണെന്നും അവർ വ്യക്തമാക്കി. 'പ്രസിഡന്റ് ട്രംപ് ഞങ്ങൾക്ക് വേണ്ടി ചെയ്തതിന് ഞങ്ങൾ നന്ദി പറയുന്നു, 'ഒലുറെമി അഭിമുഖത്തിൽ പറഞ്ഞു.' ആരും ആക്രമിക്കപ്പെടാത്ത ആദ്യത്തെ ക്രിസ്മസ് ആയിരുന്നു കഴിഞ്ഞ് പോയത്. അത് വലിയൊരു ആശ്വാസമായിരുന്നു.' നൈജീരിയയിലെ ക്രിസ്ത്യൻ നേതാക്കളുടെ പ്രതികരണങ്ങളെ ഉദ്ധരിച്ച് കൊണ്ട് അവർ പറഞ്ഞു. അതിനുശേഷം അവരുടെ ഭർത്താവിന്റെ ഭരണകൂടം സംയുക്ത സൈനിക പ്രവർത്തനങ്ങൾ വിപുലീകരിക്കാൻ അനുമതി നൽകി, അമേരിക്കയുമായുള്ള രഹസ്യാന്വേഷണ പങ്കിടൽ വർദ്ധിപ്പിച്ചു, തീവ്രവാദത്തെ ചെറുക്കുന്നതിന് 20,000 അധിക പോലീസുകാരെയും സുരക്ഷാ ഉദ്യോഗസ്ഥരെയും നിയമിക്കാനുള്ള പദ്ധതികൾ പ്രഖ്യാപിച്ചു. എങ്കിലും ഈ നീക്കങ്ങൾ വൈകിയത് നിമിത്തം നൂറ് കണക്കിന് മനുഷ്യർക്ക് ജീവൻ നഷ്ടമായതായി വിമർശകർ ആരോപിക്കുന്നുണ്ട്. സ്വന്തം നാട്ടിൽ, മതത്തിന്റെ പേരിൽ വിഭജിക്കപ്പെട്ട ഒരു രാജ്യത്ത് സഹവർത്തിത്വത്തിനുള്ള ഒരു മാതൃകയായി ടിനുബു തന്റെ ഏകദേശം 40 വർഷത്തെ മിശ്രവിവാഹത്തെ ചൂണ്ടിക്കാണിക്കുന്നു. 'എന്റെ ദാമ്പത്യം യേശുവിലാണ് നിലനിൽക്കുന്നത്. കർത്താവ് എനിക്ക് സമാധാനം നൽകുന്നു. എന്റെ ഭർത്താവ് ഒരു നല്ല മനുഷ്യനാണ്.' അവർ പറയുന്നു.

2018 ൽ ലാഗോസിലെ റിഡംപ്ഷൻ ക്യാമ്പിൽ നടന്ന റിഡീംഡ് ക്രിസ്ത്യൻ ചർച്ച് ഓഫ് ഗോഡിന്റെ 66-ാമത് വാർഷിക കൺവെൻഷനിൽ വച്ചാണ് ഒലു റെമിടിനുബു ഒരു പാസ്റ്ററായി നിയോഗിക്കപ്പെട്ടത്. അവരുടെ സഭയായ റിഡീംഡ് ക്രിസ്ത്യൻ ചർച്ച് ഓഫ് ഗോഡ്, നൈജീരിയയിലും ആഗോളതലത്തിലുമുള്ള ഏറ്റവും വലിയ പെന്തെക്കോസ്ത് വിഭാഗങ്ങളിൽ ഒന്നാണ്. പ്രാദേശിക സഭയുടെ സഹശുശ്രൂഷകയായിരിക്കുന്ന ഒലുറെമി ആരാധന നയിക്കുകയും വചന പ്രഘോഷണം നിർവ്വഹിക്കുകയും ചെയ്യുന്നു. 2026 മാർച്ചിൽ കാന്റർബറി ആർച്ച് ബിഷപ്പിന്റെ ഔദ്യോഗിക വസതിയായ ലണ്ടനിലെ ലാംബെത്ത് കൊട്ടാരം അവർ സന്ദർശിക്കുകയും അവിടെ ക്രൈസ്തവ നേതാക്കളുമായി കൂടിക്കാഴ്ച നടത്തുകയും ദൈവത്തിന്റെ കരുണയെക്കുറിച്ച് പ്രസംഗിക്കുകയും ചെയ്തിരുന്നു. 2026 ഫെബ്രുവരിയിൽ, വാഷിംഗ്ടൺ ഡിസിയിൽ നടന്ന ദേശീയ പ്രാർത്ഥനാ പ്രഭാതഭക്ഷണ ചടങ്ങിൽ യു.എസ്. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് അവരെ അംഗീകരിക്കുകയും 'നൈജീരിയയിലെ ഏറ്റവും വലിയ ചർച്ചിന്റെ പാസ്റ്റർ എന്ന നിലയിൽ അവരുടെ സേവനത്തെ പ്രശംസിക്കുകയും ചെയ്തിരുന്നു. നൈജീരിയയിലെ മതപരമായ സഹവർത്തിത്വത്തിന് ഒരു മാതൃകയായി, ഒരു മുസ്ലീം പ്രസിഡന്റ് ബോല ടിനുബുവുമായുള്ള തന്റെ മതാന്തര വിവാഹത്തെ അവർ പലപ്പോഴും ഉയർത്തിക്കാട്ടുന്നു. നൈജീരിയയിൽ 'ക്രിസ്ത്യൻ വംശഹത്യ' നടക്കുന്നുയെന്ന അവകാശവാദങ്ങളെ പ്രഥമ വനിത എന്ന നിലയിൽ അവർ പരസ്യമായി എതിർത്തിട്ടുണ്ട്, അത്തരം വിവരണങ്ങളെ കൂടുതൽ ആക്രമണത്തിന് പ്രേരിപ്പിക്കുന്ന പ്രചാരണമായി അവർ ചൂണ്ടിക്കാട്ടുന്നു. ഓപ്പൺ ഡോർസിന്റെ വേൾഡ് വാച്ച് ലിസ്റ്റ് പ്രകാരം, സമീപ വർഷങ്ങളിൽ ലോകമെമ്പാടും കൊല്ലപ്പെട്ട ക്രിസ്ത്യാനികളിൽ 70 ശതമാനത്തിലധികവും നൈജീരിയയിലാണെന്നാണ് റിപ്പോർട്ട്.



രാജ്യത്ത് ക്രിസ്ത്യാനികളെ ആസൂത്രിതമായി ഉന്മൂലനം ചെയ്തു കയാണെന്ന വാദങ്ങളെ നൈജീരിയയുടെ പ്രഥമ വനിത ഒലു റെമി ടിനുബു പൂർണ്ണമായും അംഗീകരിക്കുന്നില്ല. അത് സത്യമാണെങ്കിലും ഒരു മനപൂർവ്വ വംശീയാക്രമണം എന്നതിന പുറം അതിന് മറ്റ് ചില കാരണങ്ങൾ ഉണ്ടെന്ന് അവർ പറയുന്നു. ദീർഘകാലമായി നിലനിൽക്കുന്ന മതപരവും അല്ലാത്ത തുമായ പ്രാദേശിക സംഘർഷങ്ങൾ ദാരിദ്ര്യം, രാജ്യത്ത് വർദ്ധിച്ച് വരുന്ന ഭീകരവാദം, രാഷ്ട്രീയ അസ്ഥിരത എന്നിവയിൽ നിന്നാണ് അക്രമം ഉണ്ടാകുന്നതെന്ന് അവർ പറയുന്നു.

അപ്പൊസ്തലന്മാരുടെ പാദങ്ങൾ പതിഞ്ഞ ദീപുകളിലൂടെ സഞ്ചാരം!

ക്രേത്ത – കുപ്രോസ് – മെലിത്ത

CRETE – CYPRUS – MALTA

9 പകലുകൾ
8 രാത്രികൾ

- അപ്പോസ്തലനായ പൗലോസിന്റെ മിഷനറി സഞ്ചാരപഥം.
- വിശുദ്ധന്മാരായ മർക്കോസ്,
- ബർന്നബാസ്, ലാസർ,
- തിമോഥി, തീത്തോസ് തുടങ്ങിയവരുടെ പ്രേഷിത ഭൂമിക!
- ആദിമ വിശുദ്ധന്മാരുടെ ദീപുകൾ
- പുതിയ നിയമത്തിലെ ദീപുകൾ



the Olive Way TOURS

91 9961720195
9961103983
olivewaytours@yahoo.com

Shaji Samuel
CPA



shajisamuel.cpa
info@shajisamuel.cpa

Shaji Samuel, CPA

Company & Personal Tax Returns
Bookkeeping & Payroll Services
Business Formation
IRS Representation & Tax Planning
Medicare & Medicaid Cost Reports

2435 N Central Expy, Ste 1277
Richardson, TX 75080

+1 469 782 4423

ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു


മലയാളി പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ചു ള്ള ചരിത്രവും ഏറ്റവും പുതിയ സ്ഥിതി വിവരങ്ങളും ഉൾപ്പെടുത്തി ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു. 2017 ലാണ് അവസാനമായി ഹാലേലൂയ്യാ ഇയർ ബുക്ക് പുറത്തിറങ്ങിയത്. കഴിഞ്ഞ 10 വർഷം കേരളത്തിലെ പെന്തെക്കോസ്ത് സമൂഹത്തിനുണ്ടായ മാറ്റങ്ങളുടെയും വളർച്ചയുടെയും സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിച്ച പതിപ്പായിരിക്കും വീണ്ടും പ്രസിദ്ധീകരിക്കുന്നത്. പുതിയ എഡിഷനിലേക്കുള്ള വിവരശേഖരണ ജോലികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ ചരിത്രം 1905 മുതൽ 2026 വരെ ഓരോ വർഷവും മലയാളി പെന്തെക്കോസ്ത് സഭകളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള സംഭവങ്ങൾ, ഓരോ പെന്തെക്കോസ്ത് പ്രസ്ഥാനത്തെയും കുറിച്ചുള്ള വിപുലമായ ചരിത്രവും സ്ഥിതിവിവര കണക്കുകളും പാരാ ചർച്ച് മൂവ്മെന്റുകൾ, മിഷനറി പ്രസ്ഥാനങ്ങൾ, ഐക്യ പ്രസ്ഥാനങ്ങൾ തുടങ്ങി നൂറുകണക്കിന് പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ, കൂടാതെ 'ഹു ഈസ് ഹു' എന്ന പേരിൽ പ്രമുഖരായ സഭാനേതാക്കൾ മുതൽ കൺവെൻഷൻ പ്രസംഗകർ, വർഷിപ്പ് ലീഡേഴ്സ്, ഇൻഫ്ലുവൻസേഴ്സ്, യുവജന പ്രവർത്തകർ തുടങ്ങിയ വിവിധ നിലകളിൽ നിന്നുള്ള വ്യക്തികളുടെ വിവരണങ്ങൾ.

പഞ്ചായത്ത് /മുൻസിപ്പാലിറ്റി /കോർപ്പറേഷൻ അടിസ്ഥാനത്തിൽ ഓരോ സ്ഥലത്തുമുള്ള ലോക്കൽ സഭകളുടെ വിവരണങ്ങൾ, ഫോൺ നമ്പറുകൾ തുടങ്ങി 0പെന്തെക്കോസ്തുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്ന രീതിയിലാണ് ഇയർ ബുക്ക് തയ്യാറാക്കുന്നത്.

വിവരശേഖരണത്തിൽ സഹകരണം തേടുന്നു

ഇയർ ബുക്കിലേക്കുള്ള വിവരങ്ങൾ ശേഖരിക്കുന്നതിൽ സഹകരിക്കുവാൻ താല്പര്യമുള്ള പെന്തെക്കോസ്ത് ശുശ്രൂഷകന്മാർ, യുവജന പ്രവർത്തകർ തുടങ്ങിയവരുടെ സഹായം ഞങ്ങൾക്ക് ആവശ്യമുണ്ട്. താല്പര്യമുള്ളവർ നിങ്ങളുടെ പേരും സ്ഥലവും വാട്സാപ്പ് ചെയ്യുക. **9349500155.**



2027 ജനുവരിയിൽ പ്രസിദ്ധീകരിക്കും


അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ ഖത്തർ സെക്ഷൻ ഭാരവാഹികൾ



ദോഹ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് കൗൺസിലിന്റെ കീഴിലുള്ള മിഡിൽ ഈസ്റ്റ് റീജിയൻ ഖത്തർ സെക്ഷൻ രൂപീകരിച്ചു; ഭാരവാഹികളെ നിയമിച്ചു.

ഏ.ജി.മിഡിൽ ഈസ്റ്റ് റീജിയണലിൽ ഉൾപ്പെടുന്ന ഖത്തർ സെക്ഷൻ പുതിയ നേതൃത്വത്തിന്റെ കാലാവധി രണ്ട് വർഷമാണ്. കോഡിനേറ്റർ: പാസ്റ്റർ പി. എം ജോർജ്, സെക്രട്ടറി :പാസ്റ്റർ റോയി വർഗീസ്, ട്രഷറർ :പാസ്റ്റർ തോമസ് കുട്ടി ജോയ്, കമ്മറ്റി മെമ്പേഴ്സ്: പാസ്റ്റർ ഏബൽ ജോസഫ്, ബ്രദർ മാത്യൂസ് ജോർജ് മുല്ലക്കൽ എന്നിവരാണ് ഭാരവാഹികൾ.

ഖത്തറിലുള്ള അസംബ്ലീസ് ഓഫ് ഗോഡ് സഭകളുടെ ഐക്യ കൂട്ടായ്മ, പുത്രികാ സംഘടനകളുടെ ആത്മീയ പരിപോഷണത്തിനായുള്ള ഏകോപീകരണം, കൂടാതെ രാജ്യത്തെ വിശ്വാസ സമൂഹത്തിന്റെ ആത്മീയ വളർച്ചയ്ക്കായി പ്രചോദനവും കൈത്താങ്ങലും നൽകുകയാണ് ഖത്തർ സെക്ഷന്റെ പ്രധാന ലക്ഷ്യം.



THENILUM MADHURAM
#thenilum madhuram
ക്രിസ്തീയ യൂട്യൂബ് ചാനൽ (മാത്യൂസ് തിരുവല്ല)
ക്രിസ്തീയ/മലയാളം പ്രോഗ്രാമുകൾ
കേൾക്കാനും കാണാനും
അനുഗ്രഹം പ്രാപിക്കാനും
ഞങ്ങളുടെ ഈ യൂട്യൂബ് ലിങ്ക് സന്ദർശിക്കുക
ഫോളോ ചെയ്യുക മറ്റുള്ളവരിലും എത്തിക്കുക...
www.youtube.com/@mathewsthiruvalla | 9447795990

മരുപ്പച്ച വെബ്സൈറ്റിൽ
www.maruppacha.com
Email: maruppacha @gmail.com
Whatsapp: 9961720195

റോക് സ്കൂൾ ലണ്ടനിൽ നിന്ന് ഗ്രേഡ് 8 നേടി ആശിഷ് മാത്യു ചെറിയാൻ



കോട്ടയം: ലണ്ടനിലെ റോക് സ്കൂളിൽ നിന്ന് മ്യൂസിക് പ്രൊഡക്ഷനിൽ ഗ്രേഡ് 8 നേടി ആശിഷ് മാത്യു ചെറിയാൻ. ഡിപ്ലോമ ഇൻ സൗണ്ട് എൻജിനീയറിങ് ആൻഡ് മ്യൂസിക് പ്രൊഡക്ഷൻ സർട്ടിഫിക്കേഷനും ട്രിനിറ്റി കോളജ് ലണ്ടനിൽ നിന്ന് വയലിൻ ക്ലാസിക്സിൽ വിവിധ ഗ്രേഡും നേടിയിട്ടുള്ള ആശിഷ് മാത്യു ഇപ്പോൾ ഊട്ടി ഗുഡ് ഷെപ്പേർഡ് ഇന്റർനാഷണൽ സ്കൂളിൽ മ്യൂസിക് അധ്യാപകനാണ്. സംസ്ഥാന സ്കൂൾ കലോത്സവത്തിൽ വയലിൻ (വെസ്റ്റേൺ) എ ഗ്രേഡ് നേടിയിട്ടുണ്ട്.

കോട്ടയം പാറക്കുളം ദൈവസഭാംഗമായ ആശിഷ് മാത്യു ചെറിയാൻ ക്രൈസ്തവ സാഹിത്യകാരനും ഹല്ലേലൂയ്യാ മീഡിയ ഓൺലൈൻ എഡിറ്ററുമായ പി. എസ്. ചെറിയാന്റെയും സുബി ചെറിയാന്റെയും മകനാണ്. പ്രത്യാശ് ചെറിയാൻ (ദുബൈ), പ്രതീഷ് ചെറിയാൻ (ഗിത്താറിസ്റ്റ്) എന്നിവർ സഹോദരങ്ങളാണ്.

കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം മാധ്യമ സെമിനാർ ജൂലൈ 3 ന് ചിക്കാഗോയിൽ

നിബു വെള്ളവന്താനം

ചിക്കാഗോ: കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം ഓഫ് നോർത്ത് അമേരിക്കയുടെ നേതൃത്വത്തിൽ ജൂലൈ 3 ന് വെള്ളിയാഴ്ച 1.30 മുതൽ 3 വരെ ചിക്കാഗോ പി. സി. എൻ. എ. കെ സമ്മേളനത്തിനോടനുബന്ധിച്ച് മാധ്യമ സെമിനാർ നടക്കും. മുതിർന്ന മാധ്യമ പ്രവർത്തകനും കൺവൻഷൻ പ്രഭാഷകനുമായ റവ. ജോർജ് മാത്യു പുതുപ്പള്ളി മുഖ്യപ്രഭാഷണം നടത്തും.


സെമിനാറിനോടനുബന്ധിച്ച് രചനാ മത്സരത്തിൽ വിജയികളായ ജേതാക്കൾക്ക് അവാർഡ് നൽകി ആദരിക്കും. പ്രസിഡന്റ് രാജൻ ആര്യപ്പള്ളി അധ്യക്ഷത വഹിക്കും. മാധ്യമപ്രവർത്തനങ്ങളെപ്പറ്റി പഠിക്കുവാൻ ആഗ്രഹിക്കുന്ന ഏവർക്കും സെമിനാർ പ്രയോജനകരമാകുമെന്ന് സെക്രട്ടറി നിബു വെള്ളവന്താനം അറിയിച്ചു.

വടക്കേ അമേരിക്കയിൽ കുടിയേറിപാർത്ത മലയാളി പെന്തെക്കോസ്ത് വിശ്വാസികളായ എഴുത്തുകാരുടെ ഐക്യ സംഘടനയാണ് നോർത്തമേരിക്കൻ കേരള പെന്തെക്കോസ്തൽ റൈറ്റേഴ്സ് ഫോറം. രാജൻ ആര്യപ്പള്ളിൽ പ്രസിഡന്റ്, സാം മാത്യൂ വൈസ് പ്രസിഡന്റ്, നിബു വെള്ളവന്താനം ജനറൽ സെക്രട്ടറി, പാസ്റ്റർ എബിൻ അലക്സ് ജോ സെക്രട്ടറി, ഡോ. ജോളി ജോസഫ് ട്രഷറാർ, ഡോ. ഷൈനി സാം ലേഡീസ് കോർഡിനേറ്റർ, വെസ്ലി മാത്യൂ മീഡിയ കോർഡിനേറ്റർ എന്നിവരാണ് കെ.പി. ഡബ്ല്യൂ.എഫ് ദേശീയ ഭാരവാഹികൾ.

റവ.ഡോ.എം.സ്റ്റീഫൻ കലയപുരം ട്രിനിറ്റി ക്രിസ്ത്യൻകോളേജ് പ്രിൻസിപ്പാൾ

കലയപുരം: ട്രാൻസ്ഫൊർമേഷൻ ഇൻഡ്യ മൂവ്മെന്റ് (TIM) എന്ന മിഷനറി പ്രസ്ഥാനത്തിന്റെ ദൈവശാസ്ത്രപരീശീലന കേന്ദ്രമായ കലയപുരം ട്രിനിറ്റി ക്രിസ്ത്യൻ കോളേജിന്റെ പ്രിൻസിപ്പലായി റവ. ഡോ. എം. സ്റ്റീഫൻ നിയമിതനായി. ക്രിസ്തീയ എഴുത്തുകാരനും പ്രഭാഷകനും ദൈവശാസ്ത്ര ചിന്തകനുമായ അദ്ദേഹം മണക്കാലാ ഫെയ്ത്ത് തിയോളജിക്കൽ സെമിനാരിയുടെ മുൻ പ്രിൻസിപ്പലായിരുന്നു.





DEEPTHI BOOK HOUSE
Planthottam Complex, Thiruvalla - 689 101
പുസ്തകം ലഭിക്കാൻ പേരും മേൽവിലാസവും
9961720195 നമ്പരിൽ വാട്ട്സ്ആപ്പ് ചെയ്യുക

'ഡീപ് സ്റ്റേറ്റും' പാറ്റകളും ..!



എ.ഐ. ജോർജ്ജുകുട്ടി
aigeorgekutty@gmail.com
9496597766

യെരൂശലേമിലെ രാജാവായിരുന്ന ദാവീദിന്റെ കുടുംബത്തിൽ ചില അനിഷ്ട സംഭവങ്ങളുണ്ടായി. ദാവീദിന്റെ മകനായ അബ്ശാലോം തന്റെ സഹോദരിയായ താമാരിനെ ദാവീദിന്റെ മറ്റൊരു മകനായ അമ്നോൻ മാനഭംഗപ്പെടുത്തിയതിന്റെ പ്രതികാരമായി അമ്നോനെ ഭൃത്യന്മാരെക്കൊണ്ട് കൊല്ലിച്ചു. തുടർന്ന് അബ്ശാലോം ഗെശൂരിലേക്ക് ഓടിപ്പോയി മൂന്ന് വർഷം അവിടെ പാർത്തു. എന്നാൽ സൈന്യാധിപനായ യോവാബ് ഇടപെട്ട് അബ്ശാലോം മടങ്ങിവന്നുകൊള്ളാനുള്ള അനുമതി ദാവീദിന്റെ പക്കൽനിന്ന് നേടിയെടുത്തു. അതിനായി യോവാബ് വിവേകമതിയായ ഒരു തെക്കോവക്കാരി സ്ത്രീയെ രാജാവിന്റെ യടുക്കൽ അയച്ചു. അവൾ ദാവീദിനെ സമീപിച്ച്, വിധവയായ തന്റെ രണ്ട് ആൺമക്കൾ തമ്മിൽ വയലിൽ വച്ച് വഴക്കുണ്ടാക്കി ഒരുവൻ മറ്റവനെ കൊന്നുകളഞ്ഞു. (കണ്ണിന് പകരം കണ്ണ് പല്ലിന് പകരം പല്ല്, പ്രാണന് പകരം പ്രാണൻ എന്ന പ്രമാണം അനുസരിച്ച്) സഹോദരനെ കൊന്നവനെ കൊന്നുകളയാൻ ജനക്കൂട്ടം ആവശ്യപ്പെടുന്നു. അങ്ങനെ ചെയ്താൽ വിധവയായ തനിക്ക് രണ്ടു മക്കളും ഇല്ലാതാകും എന്ന പ്രതിസന്ധിയാണ് ആവലാതിയായി അവതരിപ്പിച്ചത്. രാജാവ് അവളുടെ അപേക്ഷ സ്വീകരിച്ച്, അവളുടെ മകനെ സംരക്ഷിക്കുമെന്ന് ആണയിട്ടു. അപ്പോൾ അവൾ രാജാവിന്റെ സ്വന്തം കുടുംബത്തിൽ അതുപോലെ ചെയ്യാത്തതെന്ത്? എന്ന ചോദ്യം ഉന്നയിച്ചു. അമ്നോനെ വധിച്ച അബ്ശാലോമിനോട് പൊറുക്കണമെന്ന സൂചനയാണ് അവൾ ദാവീദിന്റെ മുമ്പിൽ വച്ചത്. എല്ലാം കേട്ട ദാവീദ് അവളോട് ഒരു കാര്യം തന്നോട് തുറന്നു പറയണമെന്ന് ആവശ്യപ്പെട്ടു. "ഇതിലൊക്കെയും യോവാബിന്റെ കൈ ഇല്ലയോ?" എന്നതായിരുന്നു രാജാവ് ചോദിച്ചത് (2ശമൂവേൽ 13, 14). ഉണ്ടെന്ന് അവൾ സമ്മതിക്കുകയും രാജാവിന്റെ ജ്ഞാനത്തെ പ്രശംസിക്കുകയും ചെയ്തു.



ലോകത്തിലെ മിക്ക രാജ്യങ്ങളുടെയും ഭരണാധികാരികൾക്ക് പിന്നിൽ അവരെ ശക്തമായി സ്വാധീനിക്കുകയും മറഞ്ഞിരുന്ന് രഹസ്യമായി ഭരണം നിയന്ത്രിക്കുകയും ചെയ്യുന്ന ഒരു സംഘം ഉണ്ട്. ഓരോ രാജ്യത്തും ആര് ഭരിക്കണമെന്നും എങ്ങനെ ഭരിക്കണമെന്നും തീരുമാനിക്കുന്നത് അവരായിരിക്കും. നിഗൂഢമായ ഈ അധികാര കേന്ദ്രത്തെയാണ് ഡീപ് സ്റ്റേറ്റ് എന്ന പദം സൂചിപ്പിക്കുന്നത്. (ഇതിനെ നിഷേധിച്ചുകൊണ്ട് അങ്ങനെയൊന്ന് വെറും ഭാവനമാത്രമാണെന്ന് വാദിക്കുന്നവരുമുണ്ട്). അമേരിക്കൻ പ്രസിഡന്റ് ചില വ്യവസായ ഭീമൻമാരുടെയും ജൂതന്മാരുടെയും ഇഷ്ടത്തിനനുസരിച്ചാണ് പ്രവർത്തിക്കുന്നത് എന്ന ആക്ഷേപമുണ്ട്. പാക്കിസ്ഥാൻ ഭരിക്കുന്നത് പ്രധാനമന്ത്രിയാണെങ്കിലും സൈനീക മേധാവിയാണ് രാജ്യത്തെ നിയന്ത്രിക്കുന്നത് എന്ന് അമേരിക്കൻ പ്രസിഡന്റുമായി ഉള്ള അടുപ്പവും ബന്ധവും വെളിവാക്കുന്നു. ഇറാനിൽ ഭരിക്കുന്ന പ്രസിഡന്റ് അല്ല, അദ്ദേഹത്തെ മുൻനിറുത്തി യഥാർത്ഥത്തിൽ തീരുമാനങ്ങൾ എടുക്കുന്നതും നടപ്പിലാക്കുന്നതും ഇസ്ലാമിക വിപ്ലവ സേന എന്ന ഐ. ആർ.ജി.സി-യാണെന്നും നമുക്കറിയാം. ലെബനോനിൽ ഹിസ്ബുള്ളയുടെ ഇംഗിതത്തിന് അനുസരിച്ചാണ് ഭരണം നടത്തിയിരുന്നത്. ഇന്ത്യയിൽ പ്രധാനമന്ത്രിയെ സ്വാധീനിക്കുന്നത് വൻകിട വ്യവസായികളായി അറിയപ്പെടുന്ന അദാനിയും അംബാനിയും മറ്റുമാണ് എന്ന് ആക്ഷേപമുണ്ട്. "യോവാബിന്റെ കൈ" എന്ന് ദാവീദ് വിശേഷിപ്പിച്ച ഈ ഡീപ് സ്റ്റേറ്റ് സംവിധാനം ലോകമെങ്ങും ഉണ്ടെന്നത് ഒരു യാഥാർത്ഥ്യം തന്നെയാണ്. എന്നാൽ അതിനുപുറമെ ഇവർക്കെല്ലാം മീതെയായി സകല ലോകത്തെയും നിഗൂഢമായി നിയന്ത്രിക്കുന്ന ഒരുവനുണ്ട്! "അധർമ്മത്തിന്റെ മർമ്മം ഇപ്പോഴേ വ്യാപരിക്കുന്നുണ്ട്" എന്ന് പൗലോസ് അപ്പോസ്തലൻ ഈ അധർമ്മ മൂർത്തിയുടെ പ്രത്യക്ഷതയെക്കുറിച്ച് പരാമർശിക്കുന്നിടത്ത് (2തെസ്സലോ. 2) പറയുന്നുണ്ട്. യേശുവിനെ പരീക്ഷിക്കുന്ന വേളയിൽ പിശാച് ലോകത്തിലെ സകല രാജ്യങ്ങളെയും അവയുടെ മഹത്വത്തെയും കാണിച്ചുകൊണ്ട് അവകാശപ്പെട്ടത്: "അത് എങ്കൽ ഏല്പിച്ചിരിക്കുന്നു; എനിക്ക് മനസ്സുള്ളവന് ഞാൻ കൊടുക്കുന്നു..."എന്നത്രേ. ഡീപ് സ്റ്റേറ്റ് പോലെ പിശാച് ലോകരാജ്യങ്ങളെയും അവയുടെ ഭരണാധികാരികളെയും നിയന്ത്രിക്കുന്നു. പേർഷ്യൻ രാജ്യത്തിൽ (ഇപ്പോഴത്തെ ഇറാൻ) ഒരു പ്രധാന ഉദ്യോഗസ്ഥനായിരുന്ന ദാനീയേലിന് ദൈവം നല്കിയ ദർശനത്തിൽ 'പാർസി പ്രഭു' എന്ന പൈശാചിക ശക്തിയെപ്പറ്റിയും അവൻ ദൈവദൂതനായ ഗബ്രിയേലിനെ തടയുന്നതായും മീഖായേൽ അവനോട് യുദ്ധം ചെയ്യാൻ വന്നതായും വെളിപ്പെടുത്തിയിട്ടുണ്ട് (ദാനീ. 10).

ഇക്കഴിഞ്ഞ മാസം 15-ാം തീയതി ഇന്ത്യയിലെ ആദരണീയനായ സുപ്രീംകോടതി ചീഫ് ജസ്റ്റീസ് സൂര്യകാന്ത് "ഈ രാജ്യത്ത് പാറ്റകളെപ്പോലെയുള്ള യുവജനങ്ങളുണ്ട്. അവർക്ക് ഒരു തൊഴിലുമില്ല, ഉദ്യോഗ മണ്ഡലത്തിൽ അവർക്ക് സ്ഥാനമില്ല. ചിലർ മാധ്യമപ്രവർത്തകരോ സമൂഹമാധ്യമ പ്രവർത്തകരോ വിവരാവകാശ ആക്ടിവിസ്റ്റുകളോ മറ്റ് തരം ആക്ടിവിസ്റ്റുകളോ ഒക്കെയായി സകലരെയും ആക്രമിക്കുന്നു" എന്ന് പരാമർശിക്കുകയുണ്ടായി. അതിനടുത്ത ദിവസം തന്നെ ഒരു മുൻ ആം ആദ്മി പ്രവർത്തകനും നിലവിൽ ഒരു അമേരിക്കൻ സർവകലാശാലയിലെ ഇന്ത്യൻ വിദ്യാർത്ഥിയുമായ അഭിജിത് ദീപ്കെ ആ പരാമർശത്തിനെതിരായി പാറ്റകളെല്ലാം ഒന്നിച്ചാൽ എന്താകും സ്ഥിതി എന്ന ആഹ്വാനത്തോടെ തമാശരൂപേണ "കോക്രോച്ച് ജനതാ പാർട്ടി" (സി.ജെ.പി.) സോഷ്യൽ മീഡിയ വഴി രൂപീകരിച്ചു. പ്രസ്തുത പ്ലാറ്റ്ഫോമിൽ കോടിക്കണക്കിന് യുവജനങ്ങൾ ഇപ്പോൾ അനുഭാവികളായിക്കഴിഞ്ഞു. സർക്കാർ തലത്തിൽ അവർക്കെതിരായ നീക്കങ്ങൾ ശക്തമാവുകയാണ്. പക്ഷേ ഇന്ത്യയിലെ വിദ്യാഭ്യാസരംഗത്തെ നീറ്റ് പരീക്ഷ ചോദ്യപേപ്പർ ചോർച്ച പോലുള്ള കാതലായ പ്രശ്നങ്ങളാണ് അവർ ചൂണ്ടിക്കാട്ടുന്നത്. അത് പരിഹരിക്കാൻ കഴിയാത്ത കേന്ദ്ര വിദ്യാഭ്യാസ മന്ത്രി രാജി വയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അവർ പ്രക്ഷോഭം സംഘടിപ്പിക്കാൻ മുതിരുകയാണ്. എന്നാൽ അധികാരത്തിന്റെ ഇരുമ്പുദണ്ഡ് ഉപയോഗിച്ച് കോടിക്കണക്കിന് യുവജനങ്ങളുടെ ശബ്ദങ്ങളെ അടിച്ചമർത്താൻ ഭരണകൂടം ശ്രമിക്കുന്നു; അതിന്റെ ഭാഗമായി അവർ രാജ്യദ്രോഹികളാണെന്നും അതിലെ അംഗങ്ങളിൽ ഭൂരിപക്ഷവും പാക്കിസ്ഥാനികളും മറ്റ് വിദേശികളുമാണെന്നും ആരോപിച്ചെങ്കിലും അത് വ്യാജമായ ആരോപണമാണെന്ന് കണക്കുകൾ നിരത്തി അവർ ഖണ്ഡിക്കുന്നു.

നേപ്പാളിലും ബംഗ്ലാദേശിലുമെല്ലാം യുവജനങ്ങളുടെ സംഘടിതമായ മുന്നേറ്റം ആ രാജ്യങ്ങളിലെ ഭരണകൂടങ്ങളെ തകർത്തെറിഞ്ഞിട്ട് അധികനാൾ ആയിട്ടില്ല. അതിന്റെ പശ്ചാത്തലത്തിൽ 'പാറ്റകളുടെ പാർട്ടി'യെ ഭരണരംഗത്തുള്ളവർ ഭയപ്പെടുന്നു. വാസ്തവത്തിൽ, വിവേകവും ആത്മനിയന്ത്രണവുമില്ലാത്തവരുടെ ഒരു വലിയ കൂട്ടം സൃഷ്ടിക്കുന്ന തരംഗം എന്തുമാത്രം പ്രകമ്പനം ഉണ്ടാക്കുമെന്നത് പ്രവചനാതീതമാണ്. തുടങ്ങിവച്ച നേതാവിന് അവരെല്ലാം എല്ലാ കാര്യത്തിലും കീഴ്പ്പെട്ടിരിക്കണമെന്നില്ല. അച്ചടക്കം എന്നത് ഇത്തരം മുന്നേറ്റങ്ങളിൽ തീരെ ഇല്ലായിരിക്കും. അവരുടെ നേതാവിനെ പിടികൂടി ജയിലിൽ അടച്ചതുകൊണ്ട് പ്രശ്നം തീരുകയില്ല, മൂർച്ചിക്കുകയേയുള്ളു. അവരെ രഹസ്യമായി നിയന്ത്രിക്കുന്ന "ഡീപ് സ്റ്റേറ്റിന്റെ കൈ" ഉണ്ടോ എന്ന് നിശ്ചയമില്ല. പക്ഷേ, അവർ ഉയർത്തുന്ന വിഷയങ്ങൾ ന്യായവും നീതിയും ഉള്ളതാണെങ്കിൽ അത് അനുഭാവപൂർവ്വം പരിഗണിക്കാൻ അധികാരികൾ തയ്യാറാകുന്നതാണ് ബുദ്ധി. അതിന് ചിലപ്പോൾ ഭരണതലപ്പത്ത് അഴിച്ചുപണി നടത്തേണ്ടിവന്നേക്കാം. അല്ലാത്തപക്ഷം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യവും ലോകജനസംഖ്യയിൽ ഒന്നാമതുമായ നമ്മുടെ ഭാരതത്തിൽ വരും നാളുകളിൽ വലിയ സംഘർഷങ്ങൾക്ക് കാരണമായേക്കാം. ചരിത്രം ചൂണ്ടുപലകകളാണ്. അബ്ശാലോമിനെ മടക്കിവരുത്താനായി പ്രവർത്തിച്ച യോവിന്റെ കൈ തന്നെ പിന്നീട് അവന്റെ നെഞ്ചിൽ മൂന്ന് കുന്തം കുത്തിക്കടത്തി അവനെ വകവരുത്തേണ്ടിവന്നു എന്നത് (2 ശമൂ. 18:14)യാദൃശ്ചിക സംഭവമായി കരുതാനാവില്ല!!

ഐപിസി കേരളം തെരഞ്ഞെടുപ്പ് ജൂൺ 10ന്

(1-ാം പേജ് തുടർച്ച)

2026 വരെയുള്ള അംഗത്വം പുതുക്കി രജിസ്റ്റർ ചെയ്ത സഭകളിൽ നിന്നുള്ള പ്രതിനിധികൾക്കും കേരള സ്റ്റേറ്റിന്റെ അംഗീകാരമുള്ള ശുശ്രൂഷകന്മാർക്കും ജനറൽ ബോഡിയിൽ പങ്കെടുക്കാം. ജൂൺ 2 (ചൊവ്വ) വരെ ഹെബ്രോൻപുരത്തിന് എതിർവശത്തുള്ള സ്റ്റേറ്റ് ഓഫീസിൽ അംഗത്വ ഫീസും ഫോമും നൽകാം. കൂടാതെ വിവിധ ജില്ലകളിൽ മെംമ്പർഷിപ്പ് ഫോമുകൾ ഫീസ് സഹിതം ശേഖരിക്കാൻ കൗൺസിൽ അംഗങ്ങളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ശേഖരിക്കുന്ന സമയത്ത് തന്നെ രസീതും നൽകുന്നതാണ്.

ജൂൺ 2 ചൊവ്വാ മുതൽ 4 വ്യാഴം വരെ 3 മണിക്ക് മുൻപ് നാമനിർദ്ദേശപത്രിക വാങ്ങുകയും തിരികെ നൽകുകയും ചെയ്യാം. ജൂൺ 5 ന് സ്ഥാനാർത്ഥി ലിസ്റ്റ് പ്രസിദ്ധീകരിക്കും. വോട്ടെടുപ്പ് ദിവസം (ജൂൺ 10 ബുധൻ) എത്തുന്നവർ ഫോട്ടോ പതിച്ച പ്രതിനിധി ഫോമും പാസ്റ്റേഴ്സ് ഐ.ഡി കാർഡും സർക്കാർ തിരിച്ചറിയൽ രേഖ ഏതെങ്കിലും കരുതേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് ഫോൺ നമ്പർ: 83048 85828

ക്രൈസ്തവ വിശ്വാസത്തിൽ വെള്ളം ചേർക്കരുത്..

(1-ാം പേജ് തുടർച്ച)

പോയിരിക്കുന്നു. എങ്കിലും, യുവതലമുറ സുവിശേഷത്തിന് മുന്നിൽ വാതിലുകൾ അടച്ചിട്ടില്ലെന്നുള്ളതിൽ പാപ്പ പ്രത്യാശ പ്രകടിപ്പിച്ചു. കഴിഞ്ഞ 'യുവജന ജൂബിലി'യിൽ യുവാക്കൾക്കിടയിൽ പ്രകടമായ ആത്മീയ ദാഹം ഇതിന് തെളിവാണ്. സുവിശേഷത്തിലാണ് യഥാർത്ഥ സന്തോഷത്തിന്റെ രഹസ്യം ഒളിഞ്ഞിരിക്കുന്നതെന്ന് തിരിച്ചറിയുന്ന യുവജനങ്ങൾ അതിനെക്കുറിച്ച് കൂടുതൽ അറിയാൻ ആഗ്രഹിക്കുന്നുണ്ടെന്ന് പാപ്പ പറഞ്ഞു.

തുർക്കിയിൽ ക്രിസ്തീയ ചരിത്രം..

(1-ാം പേജ് തുടർച്ച)

ക്രൈസ്തവ ദേവാലയത്തിന്റെ അവശിഷ്ടങ്ങൾ കണ്ടെത്തിയിരുന്നു. ഇത് ഒരു കത്തീഡ്രലായി പ്രവർത്തിച്ചിരിക്കാമെന്നാണ് അനുമാനം.

ഇന്നത്തെ ഇസ്താംബൂളിലെ കോൺസ്റ്റാന്റിനോപ്പിളിലെ പ്രശസ്തമായ ഹാഗിയ സോഫിയ ദേവാലയത്തിന്റെ രൂപകൽപ്പന ഈ ദേവാലയത്തിന്റെ ഘടനയെ സ്വാധീനിച്ചതായും ഗവേഷകർ വിലയിരുത്തുന്നു. ആദ്യകാല ക്രിസ്ത്യൻ ലിഖിതങ്ങളും ഇതോടൊപ്പം കണ്ടെത്തിയിട്ടുണ്ടെന്നും 'ദി ഇൻഡിപെൻഡന്റ്' റിപ്പോർട്ട് ചെയ്തിട്ടുണ്ട്. റോമൻ സാമ്രാജ്യകാലത്ത് ക്രിസ്തീയ വിശ്വാസത്തിന്റെ വ്യാപനത്തിൽ തുർക്കിയിലെ ജനത വഹിച്ച പങ്ക് എടുത്തുക്കാണിക്കുന്നതാണ് പുതിയ കണ്ടെത്തലുകൾ. കഴിഞ്ഞ വർഷം ഉർഫ കാസിലിൽ ക്രിസ്ത്യൻ രചന ആലേഖനം ചെയ്തിട്ടുള്ള മൊസൈക്ക് തറ കണ്ടെത്തിയിരുന്നു.

RE LOCATE TO DALLAS FOR YOUR DREAM HOUSE !!!

CALL REALTOR
MATHEW C. SAMUEL

SFR, ABR, SRES, SRS, GRI, AHWD
469 258 8118 - cell
BEAM REAL , ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234



Tel: 9724846644, msamuel7@yahoo.com,
www.beamrealestate.com

ചെന്നൈയിൽ മലയാളം ആരാധന



Pastor. C.K. Reji

ചെന്നൈയിൽ പുതിയതായി വരുന്നവരെ മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും നടുക്ക് Church of God (Full Gospel)
In India No: 25/2 New colony 13th cross street
Chromepet Chennai - 44
SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM

Phone - 22411060, Mob: 9382599333

MM 53/26 Syrian Christian Pentecostal parents invite proposals for their daughter, 25, DOB : 20/07/2000, 164 cm, 52 kg, BTech(Computer Science) , Worked as Quality Assurance Engineer for 1 year and 7 months, Now pursuing Masters in Engineering Management from La Trobe University, Melbourne, Australia (Final Year). Seeking proposals from boys who is baptized, well-educated, and professionally qualified. Preference to those who are settled in Australia.

9446685615

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM52/26 Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

Phone father: +919447008566
Mother: +919446867777

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM51/26 ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി. എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8301892407, 8330814516

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM50/26 യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM49/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM48/26 മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

8921587858

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM47/26 നായർ സമുദായത്തിൽനിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ്. പുനർവിവാഹം. 170 സെ.മീ. ഉയരം. മാൾട്ടയിൽ എൻജിനിയറിംഗ് ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

9645681023, 7025423796

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM46/26 Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

9582005717, 8800204684

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM45/26 Upper-middle-class Syrian Christian Pentecostal parents invite proposals for their son, Dob: 03/09/1988, 165 cm B. Tech (CS). Currently an IT Manager at Consumerfed, Ernakulam. The groom has a fair complexion, belongs to the Church of God and hails from Konni. He is looking for a God-fearing, baptized, educated, and family-oriented bride.

Ph. +919495026157

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM44/25 Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications- Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

WhatsApp +9181130 34181 or email ptk0371@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖



MM42/25 Syrian Chrstian Pentacostal girl 36, 5"2" (20.4.1989) M.Sc Nurse working (associate professor) seeking suitable alliance

Ph: 7025528037

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM41/25 Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

Ph: 9444951080, 9382599333
ckreji@gmail.com, ckreji@hotmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM40/25 Syrian Christian Pentecostal parents (Govt. Employed) invite suitable proposals for their daughter, 26,(DOB-28/12/1998), 167cm, fair, MA(Eng. Lit), B Ed. and presently pursuing Bank/ Govt.tests,from parents of employed Pentecost boys.

Mob-9446909546, 9400751030.

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM38/25 പെന്തെക്കോസ്തു വിശ്വാസിയായ മിശ്രവിവാഹിതരുടെ മകൾ 27 വയസ്സ്. M.Com (M. N.C. Deloit Hydarabad) അനുയോജ്യമായ വിവാഹാലോചനകൾ രക്ഷിതാക്കളിൽ നിന്ന് ക്ഷണിച്ചുകൊള്ളുന്നു.

Ph: 9447579497, 9447863308

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM37/25 Syrian Christian Pentecostals parents from Kozhanchery, invite proposal for their son 34, 178cm, MSc Biotechnology, working at Bangalore. Innocent divorcee. Seeking suitable alliance from spiritual and educated girls from India or abroad.

Ph. +91 98471 86700, 9656223322, 8281150000

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM36/25 Syrian Christian Pentacostal parents, Kottayam, invite proposal for there son 28, DOB 11-2-1997. 170cm. Completed Bachelors and currently working as Automobile Diagnostic Technician at Kottayam. Seeking Suitable alliances from Spiritual and Professional qualified girls from India or Abroad.

Ph: 6238231410

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM28/25 Associate Pastor& Worship Leader (Nadar Christian) 26 Years (09.04.1999), 6.1. Proposal invited from parents of suitable girls.

Ph: 8943619818

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM15/25 Pentecostal boy, 6 March 1993, 180cm, Masters of Engineering in Engineering Management, born and brought up in gulf, born again, baptized and God fearing, schooling in a British curriculum International school Dubai, working as a senior Application engineer and is based in Dubai. Looking for a born again, baptised, non ornamental, God fearing, Pentecostal girl.

+971529165874
usha25elizabeth@gmail.com

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM18/25 ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (Age 42, Hight 179, B.A Sociology, B.Th, Dip. Mission., BA. in Ministry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.

9847683343

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM19/25 Syrian Christian Pentecostal Parents Invite Proposal For Their Son.DOB. 22.9.1995. 170 c.m MBBS, Doctor. Currently Working as a Resident Medical Officer At Private Hospital. Prayerfully Seeking Suitable Alliances From Spiritual And Professional Qualified Girls From India or Abroad.

Ph: 918547317844, 9446977844

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM20/25 Christian pentecostal (syrian) parents are inviting proposal for their daughter, who is God-fearing, born again, baptized girl (27 / 159 cm / B.Tech, MBA) currently working as Technology Analyst/Functional consultant, MNC project in Europe. Seeking suitable proposals from parents of God fearing, spiritual, and professionally qualified boys preferably abroad. Please respond with photos and details to our whatsapp number

Ph: 9567695887, +965 6908 9839

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM21/25 ഓർത്തഡോക്സ് യുവാവ്, 11-07-1989, 5.8, 65 kg, White, ITA, Aluminium Fabrication, ഷാർജയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

9491153615 (Whatsapp)

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM23/25 Missionary calling girl US citizen DOB 11/2001 graduating from University July 2025 Bachelor of science in Healthcare Administration, born in Kerala and raise up in Middle East, migrated to US 2018. Looking for a suitable boy with Missionary calling. Preference those who have taken Vision school or working for Mission organizations like Intercp International, Ywam, OM etc. Please forward the resume with Picture to whatsapp :

Ph: + 1 8325745019

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM24/25 Syrian Christian Pentecostal (TPM) parents invite proposals for their daughter, 19.11.-1998, 154cm, Doctor (MBBS.MD. STUDIED AT TBILISI (GEORGIA). Seeking alliance from parents of born again and qualified boys.

+919495077771, +971506469508, +971561844937

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM25/25 സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 35 (21/03/1990), 165 cm, 75 kg, B.Sc Nurse, സൗദി അറേബ്യയിലെ റിയാദിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു. ഇൻഡിപെൻഡൻസ് സഭാംഗമാണ്. ആഭരണം ധരിക്കും.

Ph: 91 96567 51020

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101
www.maruppacha.com

മരുപ്പച്ച
സമകാലിക പത്രിക
ജൂൺ 05, 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 05 - 06 - 2026



നോർത്ത് അമേരിക്കൻ ദൈവസഭകളുടെ 29-ാം സമ്മേളനം കോളറാഡോയിൽ ജൂലൈ 9 മുതൽ 12 വരെ

ദൈവസഭകളുടെ ദേശീയ സമ്മേളനം കോളറാഡോയിൽ ഡെൻവർ പട്ടണത്തിലെ മാരിയറ്റ് ഹോട്ടലിൽ 2026 ജൂലൈ 9 മുതൽ 12 വരെ നടത്തുവാനുള്ള ക്രമീകരണങ്ങൾ പുരോഗമിച്ചുവരുന്നു. പ്രകൃതി രമണീയമായ കൊളറാഡോ സംസ്ഥാനത്തിൽ നടക്കുന്ന ഈ പ്രഥമ സമ്മേളനത്തിന്റെ കൺവീനർ റവ. ബെൻസൺ എബ്രഹാം, വൈസ് പ്രസിഡന്റ് റവ.സൈമൺ ഫിലിപ്പ്, സെക്രട്ടറി ഡോ.ഷിബു സാമുവേൽ, ട്രഷറർ റവ. ജെയിംസ് എബ്രഹാം എന്നിവരും, പാസ്റ്റർ ഡാർവിൻ വിൽസൺ ഇംഗ്ലീഷ് കോഡിനേറ്ററായും ഡോ.ജോളി ജോസഫ് ലേഡീസ് പ്രസിഡണ്ട് നിലയിലും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു.

സമ്മേളനത്തിന് മുന്നോടിയായി ജൂലൈ 8, 9 തീയതികളിൽ ശുശ്രൂഷകന്മാരുടെ കുടുംബ സമ്മേളനവും ക്രമീകരിച്ചിട്ടുണ്ട്. കോൺഫ്രൻസിന്റെ വിവിധ സമയങ്ങളിലായി ആത്മാവിൽ ഏകീകരണം എന്ന വിഷയത്തിൽ കേന്ദ്രികരിച്ചു സംസാരിക്കുവാൻ പ്രാദേശിക സഭകളിലെ ദൈവദാസന്മാർക്കൊപ്പം അതിഥികളായ ദൈവദാസന്മാർ റെജി ശാസ്താംകോട്ട, ഷിബു തോമസ് (ഒക്കലഹോമ) അനീഷ് തോമസ് (കേരളം) ഗ്ലാഡ്സൺ വർഗീസ് (യു.എ.ഇ) എന്നിവർക്കു പുറമെ അമേരിക്കയിൽ അറിയപ്പെടുന്ന ഉണർവ് പ്രസംഗികരായ ടോണി സ്റ്റുവാർട്ട്, ബോബി ആൻഡ്രൂസ് എന്നിവരും ദൈവവചനം പങ്കിടും. യുവാക്കൾക്കും കുട്ടികൾക്കും പ്രത്യേകം മീറ്റിങ്ങുകൾ ക്രമീകരിച്ചിട്ടുണ്ട്. കോളറാഡോയുടെ പർവ്വത നിരകളുടെ മനോഹാരിതയും ഒപ്പം ആത്മീയ കൂട്ടായ്മയുടെ സന്തോഷവും ഒന്നിച്ചനുഭവിക്കുവാൻ എല്ലാവരെയും സംഘാടകർ ക്ഷണിക്കുന്നു.

NACOG Keynote Speakers:



EXECUTIVE COMMITTEE MEMBERS



NATIONAL COMMITTEE MEMBERS



LOCAL COMMITTEE MEMBERS



LADIES NATIONAL COMMITTEE



A GENERATION SET A PART ENGLISH TRACK LEADS



✦Theme:✦
United by the Spirit
Joel 2:28

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.